## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1670 04.12.2018 ലെ മറുപടിയ്ക്ക്

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിലെ ശമ്പള വ്യത്യാസം

ചോദ്യം

**ശ്രീ. എൻ. ഷംസുദ്ദീൻ**

ഉത്തരം

**ശ്രീ. എ.സി മൊയ്തീൻ**

( തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുനിസിപ്പൽ കോമൺ സർവ്വീസിലെ സമാന തസ്തികകളായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സ് എന്നീ തസ്തികകളിൽ ജോലിചെയ്യുന്നവർക്ക് ഗ്രേഡ് അനുവദിക്കുമ്പോൾ ഉണ്ടാകുന്ന ശമ്പളവ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ജീവനക്കാർ നൽകിയ നിവേദനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ജൂനിയർ പബ്ലിക് ഹെൽത്ത്നഴ്സ് എന്നീ തസ്തികകൾ സമാന തസ്തികകൾ അല്ല. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലുള്ള ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡും പ്രൊമോഷനും അനുവദിച്ചു വരുന്നു. എന്നാൽ, ജൂനിയർ പബ്ലിക് ഹെൽത്ത്നേഴ്സ് തസ്തികയിലുള്ള ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡും, റേഷ്യോ പ്രൊമോഷനുമാണ് അനുവദിച്ചിട്ടുള്ളത്.അതിനാൽ ശമ്പളവ്യത്യാസം ഉണ്ടാകുന്നുണ്ട്. ഇതു സംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർക്ക് ലഭിക്കുന്നതുപോലെ ജൂനിയർ പബ്ളിക് ഹെൽത്ത് നഴ്സുമാർക്കും പ്രൊമോഷൻ നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് ഒന്നാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ എന്നീ പ്രൊമോഷൻ തസ്തികകൾ നിലവിലുണ്ട്.<br>എന്നാൽ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയ്ക്ക് പ്രൊമോഷൻ തസ്തിക നിലവിലില്ലാത്തതാണ്.ടി |

| | | | |
|---|---|---|---|
| | | | വിഭാഗം ജീവനക്കാർക്ക് സമയബന്ധിത ഗ്രേഡും, 3:1 പ്രകാരമുള്ള റേഷ്യോ പ്രൊമോഷനുമാണ് നിലവിലുള്ളത്. രണ്ട് തസ്തികകളുടേയും യോഗ്യതയും ജോലിയുടെ സ്വഭാവവും വ്യത്യസ്തമാണ് എങ്കിലും ടി രണ്ട് എൻട്രി കേഡർ തസ്തികകളുടേയും ശമ്പള സ്കെയിൽ സമാനമാണ് (26500-56700/-രൂപ). |

**സെക്ഷൻ ആഫീസർ**